സ്ഫോടനത്തിന്റെ കുറ്റം തെക്കൻകൊറിയക്കാർ ചാരുന്നതു്, സ്വാഭാവികമായും, ഉത്തരകൊറിയയുടെ മേൽ ആകുന്നു. എന്നാൽ, തെക്കൻകൊറിയയിൽത്തന്നെ പ്രസിഡണ്ട് ചുൻ ഡുഹ്വാന് എതിരായി പ്രവർത്തിച്ചുവരുന്ന ഏതെങ്കിലും രഹസ്യഗ്രൂപ്പിന്റെ പണിയായിക്കൂടെന്നില്ല ഈ സ്ഫോടനം. ബർമയിലെ ആഭ്യന്തരസ്ഥിതിയും കലുഷിതമാണ്. ദീർഘകാലമായി അധികാരത്തിൽ തുടർന്നിരുന്ന ജനറൽ നേവിൻ ഇപ്പോൾ അവിടെ ഉദ്യോഗത്തിൽനിന്ന് ഒഴിഞ്ഞിരിക്കുകയാണ്. അദ്ദേഹത്തെ തുടർന്ന് അധികാരത്തിൽ വരുമെന്നു കരുതപ്പെട്ടിരുന്ന ചിലർ അഴിമതി, സ്വജനപക്ഷപാതം മുതലായ കുറ്റങ്ങളാരോപിച്ച് ഈയിടെ പുറംതള്ളപ്പെട്ടു. ഇവർ ബർമയിലെ ഇപ്പോഴത്തെ ഭരണാധികൃതക്കെതിരായി സംഘടിപ്പിച്ച ഒരാക്രമണമായിക്കൂടെന്നുമില്ല ഈ സ്ഫോടനം. കാരണം, കൊറിയൻ പ്രസിഡണ്ടിനോടൊപ്പം ദേശീയശ്മശാനത്തിൽ ബർമീസ് ഭരണാധികൃതരും സന്നിഹിതരാവുമെന്നാണല്ലോ ന്യായമായും പ്രതീക്ഷിക്കേണ്ടതു്. ഏതായാലും, പൂർണമായി വിശദീകരിക്കപ്പെടാത്ത, ഒരന്താരാഷ്ട്രീയ ക്രൂരതയായി ഈ ബോംബ്സ്ഫോടനവും ഭാവി ചരിത്രകാരന്മാരുടെ ഊഹാപോഹങ്ങൾക്കു വിഷയം നൽകി നിലകൊള്ളാനാണു സാദ്ധ്യത.

ഒക്ടോബർ **11** മുതൽ നാലു ദിവസം ഇന്ത്യയിൽ ചെലവഴിക്കാനായിരുന്നു പ്രസിഡണ്ട് ചുൻ ഡുഹ്വാന്റെ പരിപാടി. വ്യവസായത്തിന്റെ പല മേഖലകളിലും ഇന്ത്യയുമായി സഹകരിക്കാൻ ദക്ഷിണകൊറിയൻ അധികൃതർ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഇന്ത്യക്കുവേണ്ടി പല കപ്പലുകളും തെക്കൻകൊറിയയിലെ കപ്പൽനിർമാണകേന്ദ്രങ്ങളിൽ പണിചെയ്യപ്പെട്ടുവരുന്നു. ഇന്ത്യയിൽനിന്നു വലിയ തോതിൽ ഇരുമ്പയിരു വാങ്ങാൻ തെക്കൻകൊറിയ തയ്യാറാണ്. കമ്പ്യൂട്ടർപോലെയുള്ള 'ഹൈ ടെക്നോളജി' വ്യവസായങ്ങളിൽ ഇന്ത്യയെ സഹായിക്കാൻ തങ്ങളുടെ ഒരുക്കം തെക്കൻകൊറിയ പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ത്യയും തെക്കൻകൊറിയയും തമ്മിൽ വാണിജ്യം വലിയ അളവിൽ വികസിപ്പിക്കാനും കഴിയും. ഇതുകൊണ്ടു രണ്ടു രാജ്യങ്ങൾക്കും ഗണ്യമായ മെച്ചം ഉണ്ടാവും. ഏതായാലും ബോംബ്സ്ഫോടനത്തെത്തുടർന്ന് പ്രസിഡണ്ട് ചുൻ ധൃതിയിൽ സ്വന്തം നാട്ടിലേക്കു മടങ്ങിപ്പോവുകയാൽ ഈ ആലോചനകളെല്ലാം തല്ക്കാലം തടയപ്പെട്ടിരിക്കുന്നു.

തികച്ചും അർത്ഥശൂന്യമെന്നു തോന്നാവുന്ന ഈ ബോംബ്സ്ഫോടനത്തിൽ മരിച്ചവരെ നാം അനുശോചിക്കുക, പരുക്കേറ്റവരോടു സഹതപിക്കുക, ആകസ്മികമായി മൃത്യുമുഖത്തിൽനിന്നു രക്ഷപ്പെട്ടവരെ അഭിനന്ദിക്കുക. അതേസമയം അന്താരാഷ്ട്രീയരംഗത്തിൽ ഇരുണ്ടും കനത്തും വരുന്ന അക്രമാന്തരീക്ഷത്തിൽ അഗാധമായ ഖേദം രേഖപ്പെടുത്തുകയും ചെയ്യുക. ഈ ഖേദം നാട്ടിനകത്തു നിസ്സാരപ്രശ്നങ്ങളിൽപോലും പിച്ചാത്തി വലിച്ചൂരി പരസ്പരം കുത്തുന്ന പ്രവണതയിൽനിന്നു നമ്മെ തടുത്തുനിർത്തുന്നതിനെങ്കിലും ഉപകരിക്കട്ടെ.

**(11 ഒക്ടോബർ, 1983)**

## 6. അണുയുദ്ധം എത്ര അടുത്ത്!

'ന്യൂയോർക്കർ' എന്ന അമേരിക്കൻ വാരികയിൽ തുടർച്ചയായി പ്രസിദ്ധീകരിച്ചിരുന്നതും, **1982**—ൽ അമേരിക്കയിലും കാനഡയിലും പുസ്തകരൂപത്തിൽ പ്രകാശിപ്പിച്ചതുമായ ജോനാഥൻ ഷെല്ലിന്റെ 'ദി

ഫെയ്റ്റ് ഓഫ് ദി എർത്ത്'' (ഭൂമിയുടെ വിധി) എന്ന പുസ്തകത്തിൽ അതെഴുതുന്ന കാലത്ത് അമ്പതിനായിരത്തോളം അണു—ആയുധങ്ങൾ ഭൂമിയിൽ ഉണ്ടെന്നു പ്രസ്താവിച്ചിരുന്നു. 1983 ഡിസംബർ 5-ാം തീയതിയിലെ 'ന്യൂസ് വീക്ക്'' വാരികയിൽ കാണുന്നത് നാല്പതിനായിരം അണു—ആയുധങ്ങൾ, ലക്ഷ്യങ്ങളിൽ വീഴ്ത്താൻവേണ്ടി ഇപ്പോൾ ഒരുക്കിനിർത്തിയിട്ടുണ്ടെന്നാണ്. ഹിറോഷിമയിൽ വീണ അണുബോംബിന്റെ പത്തുലക്ഷം ഇരട്ടി സംഹാരശക്തി ഈ അണു—ആയുധങ്ങളിൽ അടങ്ങിയിട്ടുണ്ട്. ഭൂമിയിലുള്ള മനുഷ്യരെ മാത്രമല്ല, ജന്തു—സസ്യജീവിതങ്ങളെക്കൂടി, പല ആവൃത്തി നശിപ്പിക്കുവാൻവേണ്ട കഴിവ് ഈ അണു—ആയുധശേഖരത്തിനുണ്ട്.

പടിഞ്ഞാറേ ജർമനി, ഇററലി, ബ്രിട്ടൻ, പോളണ്ട്, ബൽജിയം എന്നീ 'നാറേറാ' സഖ്യശക്തിരാജ്യങ്ങളിൽ അണുബോംബുകൾ ഘടിപ്പിച്ച അഞ്ഞൂററെഴുപത്തിരണ്ട് മിസൈലുകൾ സ്ഥാപിക്കാൻ 'നാറേറാ' രാജ്യങ്ങൾ 1979–ൽ തീരുമാനിച്ചു. 'പെർഷിങ്—രണ്ട്'', 'ക്രൂയിസ്'' എന്ന രണ്ടുതരം മിസൈലുകളാണ് ഇങ്ങനെ സ്ഥാപിക്കുക. ഇവയിൽ 'പെർഷിങ് രണ്ട്'' കുത്തനെ ഉയർന്നു ബാഹ്യാന്തരീക്ഷത്തിലെത്തി, വളഞ്ഞ്, തിരികെ ഭൂമിയിലെ നിർദ്ദിഷ്ട ലക്ഷ്യത്തിൽ വീഴുന്നു. വിക്ഷേപസ്ഥലത്തുനിന്നു ഭൂമിക്കു മുകളിൽ അല്പം ഉയരത്തിലൂടെ, വിമാനം പറക്കുംപോലെ, തിരശ്ചീനമായി പറന്നു ലക്ഷ്യത്തിൽ വീഴുന്നവയാണു ക്രൂയിസ് മിസൈലുകൾ. ഈ രണ്ടു തരം മിസൈലുകൾ സ്ഥാപിക്കും മുമ്പുതന്നെ യൂറോപ്പിൽ വിമാനത്തിലും കപ്പലിലും മുങ്ങിക്കപ്പലിലും മററുമായി, ധാരാളം അണുബോംബുകൾ സ്ഥാപിക്കപ്പെട്ടിരുന്നു. ഇവയെല്ലാം ലക്ഷ്യത്തിലെത്താൻ കുറച്ചു കൂടുതൽ സമയം വേണമായിരുന്നു. എന്നാൽ, ഇപ്പോൾ യൂറോപ്പിൽ സ്ഥാപിച്ച അമേരിക്കൻ മിസൈലുകൾക്ക് സോവ്യററ് യൂണിയനിലെ ലക്ഷ്യങ്ങളിലെത്താൻ ഏതാനും മിനിട്ടുകൾ മതി.

പടിഞ്ഞാറേ ജർമനിയിലും ഇററലിയിലും ബ്രിട്ടനിലും അമേരിക്കൻ പെർഷിങ്—രണ്ട് മിസൈലുകളും ക്രൂയിസ് മിസൈലുകളും സ്ഥാപിച്ചു തുടങ്ങിയിട്ടുണ്ട്. ഇതിനെത്തുടർന്ന്, ഇടത്തരം അണു—ആയുധങ്ങളുടെ നിയന്ത്രണം സംബന്ധിച്ച് അമേരിക്കയുമായി ജനീവയിൽ വച്ചു നടത്തിവന്നിരുന്ന ചർച്ചകളിൽനിന്ന് സോവ്യററ് യൂണിയൻ പിൻവാങ്ങിയിരിക്കുന്നു. മാത്രമല്ല, കിഴക്കൻ യൂറോപ്പിലെ കിഴക്കേ ജർമനി, ചെക്കോസ്ലോവാക്യ എന്നീ സോവ്യററ് അധീനരാജ്യങ്ങളിൽ, പടിഞ്ഞാറേ യൂറോപ്പിലെ ലക്ഷ്യങ്ങളിലേക്കു ചൂണ്ടി സ്വന്തം മിസൈലുകൾ സ്ഥാപിക്കുന്നതാണെന്നും, അമേരിക്കയ്ക്കു ചുററും കടലിൽ കപ്പലുകളിലും മുങ്ങിക്കപ്പലുകളിലും അണു—ആയുധങ്ങൾ ഘടിപ്പിച്ച മിസൈലുകൾ നിരത്തുവാൻപോകയാണെന്നുംകൂടി റഷ്യ പ്രഖ്യാപിച്ചിട്ടുണ്ട്.

ഇതോടെ പലിയ തോതിലുള്ള ഒരു അണുയുദ്ധത്തിന്റെ സാദ്ധ്യത, സങ്കല്പമെന്ന നില വിട്ട്, കഠിനമായ ഒരു യാഥാർത്ഥ്യമായിത്തീർന്നിരിക്കുന്നു.

അമേരിക്ക, സോവ്യററ് യൂണിയൻ, ബ്രിട്ടൻ, ഫ്രാൻസ് എന്നീ രാജ്യങ്ങളാണ് പ്രധാന അണു—ആയുധശക്തികൾ. അമേരിക്കയുടെയും റഷ്യയുടെയും കൈയിൽ നാല്പതിനായിരംമുതൽ അമ്പതിനായിരംവരെ അണു—ആയുധങ്ങളും അവ ലക്ഷ്യത്തിൽ കൃത്യമായി കൊണ്ടിടുന്നതിനുള്ള മിസൈലുകൾ, വിമാനങ്ങൾ, കപ്പലുകൾ, മുങ്ങിക്കപ്പലുകൾ മുതലായ വിക്ഷേപണവ്യൂഹങ്ങളും (ഡെലിവറി സിസ്റ്റം) ഉണ്ട്.

ബ്രിട്ടനും ഫ്രാൻസിനുംകൂടി അണു—ആയുധങ്ങൾ ഘടിപ്പിച്ച നൂററുപത്തിരണ്ടു മിസൈലുകളാണു് ഉള്ളതു്.

ചൈന ഏതാനും അണുസ്ഫോടനങ്ങൾ നടത്തിയിട്ടുണ്ടു്. ചൈനക്കാരുടെ കൈയിൽ എത്ര അണുബോംബുകളുണ്ടെന്നോ അവ ലക്ഷ്യങ്ങളിൽ വിക്ഷേപിക്കാനുള്ള ഉപകരണങ്ങൾ എന്തൊക്കെയാണെന്നോ അറിവില്ല.

**1974**—ലാണു് ഇന്ത്യ പോഖ്റാൻ എന്ന സ്ഥലത്തു് ഒരു അണുസ്ഫോടനം നടത്തിയതു്. സ്ഫോടനം നടത്തിയെങ്കിലും തങ്ങൾ അണു—ആയുധങ്ങൾ നിർമിക്കുകയില്ലെന്നു് ഇന്ത്യാഗവണ്മെൻറു് പ്രഖ്യാപിച്ചിട്ടുണ്ടു്. അണുബോംബുകൾ കയററാവുന്ന മിസൈലുകൾ ഇന്ത്യ ഉണ്ടാക്കിത്തുടങ്ങിയിട്ടില്ല; പത്തുകൊല്ലംകൂടി കഴിയുമ്പോഴേ ഇത്തരം വലിയ മിസൈലുകൾ നിർമിക്കാനുള്ള കഴിവു് ഇന്ത്യയ്ക്കു് കൈവരൂ എന്നു് ഈയിടെ പറഞ്ഞുകേട്ടിരുന്നു.

ഈ രാജ്യങ്ങൾക്കപ്പുറമേ ആർജൻറീന, കാനഡ, പടിഞ്ഞാറേ ജർമനി, ഇസ്രയേൽ, ഇററലി, ജപ്പാൻ, പാക്കിസ്ഥാൻ, തെക്കേ ആഫ്രിക്ക, സ്വീഡൻ, സ്വിററ്സർലൻഡു് രാജ്യങ്ങൾക്കു് എപ്പോൾ വേണമെങ്കിലും അണു—ആയുധങ്ങൾ നിർമിക്കുവാൻ വിഭവശേഷിയും സാങ്കേതിക വൈദഗ്ധ്യവുമുണ്ടു്.

പത്തുമുതൽ ഇരുപതുവരെ അണുബോംബുകൾ ഏതു നിമിഷത്തിലും തയ്യാറാക്കാൻവേണ്ട സാധനസാമഗ്രികൾ ഇസ്രയേൽ കരുതിവച്ചിട്ടുണ്ടത്രേ. അവ എടുത്തു കൂട്ടിച്ചേർത്താൽ മതി; ബോംബുകൾ ആവും. അമേരിക്കയാണു് ഇസ്രയേലിനെ ഇക്കാര്യത്തിൽ സഹായിക്കുന്നതു്.

ഇസ്രയേലിനെതിരെ ഒരു 'ഇസ്ലാമിക ബോംബ്'' നിർമിക്കാനുള്ള ശ്രമത്തിലാണു് പാക്കിസ്ഥാൻ. ഒരു വർഷത്തിനുള്ളിൽ പാക്കിസ്ഥാൻെറ ആദ്യത്തെ ആററംബോംബു് തയ്യാറാകുമത്രേ. ഏതാനും മാസങ്ങൾക്കു മുമ്പു് പാക്കിസ്ഥാനിൽ ഒരു അണുസ്ഫോടനം നടന്നതായി ഇന്ത്യയിലെ പത്രങ്ങൾ റിപ്പോർട്ടുചെയ്തിരുന്നു. ഈ വാർത്ത സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. ഇസ്രയേലിനെതിരെയാണെന്നു പ്രസ്താവിക്കപ്പെട്ടാലും, പാക്കിസ്ഥാൻെറ അണുബോംബിൻെറ ആദ്യലക്ഷ്യം ഇന്ത്യയായിക്കൂടെന്നില്ല. ഇസ്രയേൽ ചെയ്തുപോലെ പല അണുബോംബുകൾക്കുള്ള സാമഗ്രികൾ ഒരുക്കിവയ്ക്കുകയാണത്രേ പാക്കിസ്ഥാൻെറ ബോംബുനിർമാണതന്ത്രം. അമേരിക്കയാണു പാക്കിസ്ഥാനെ ഇതിനു മുഖ്യമായും സഹായിക്കുന്നതു്.

**1979**—ൽ തെക്കേ ആഫ്രിക്ക ഒരു അണുസ്ഫോടനം നടത്തിയതായി അമേരിക്കയിൽ റിപ്പോർട്ടുചെയ്തിരുന്നു. തെക്കേ ആഫ്രിക്ക ഇതു് നിഷേധിച്ചിട്ടുണ്ടു്. എങ്കിലും അണുബോംബു് നിർമിക്കാൻ തങ്ങൾക്കു കഴിവുണ്ടെന്നു് തെക്കേ ആഫ്രിക്കതന്നെ സമ്മതിക്കുന്നു. അമേരിക്കയും ഫ്രാൻസുമാണു് അണുബോംബു് നിർമിക്കാൻ തെക്കേ ആഫ്രിക്കയെ സഹായിക്കുന്നതു്.

ഈ രാജ്യങ്ങൾക്കപ്പുറമേ, ഓസ്ട്രേലിയ, ഓസ്ട്രിയ, ബൽജിയം, ബ്രസീൽ, ഡെന്മാർക്കു്, ഇറാക്കു്, തെക്കേ കൊറിയ, നെതർലൻഡ്സ്, നോർവേ, സ്പെയിൻ, തൈവാൻ എന്നീ രാജ്യങ്ങൾക്കു് വേണമെങ്കിൽ ആറു വർഷങ്ങൾക്കകത്തും, ഈജിപ്തു്, ഫിൻലാൻഡു്, ലിബിയ, യുഗോസ്ലാവ്യ രാജ്യങ്ങൾക്കു വേണമെങ്കിൽ, പത്തുവർഷങ്ങൾക്കകത്തും അണുബോംബുകൾ ഉണ്ടാക്കാൻ സാധിക്കുമെന്നു് 'ന്യൂസ്വീക്ക്'' പറയുന്നു.

ലോകത്തിലെ മിക്ക രാജ്യങ്ങളും വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്നതിനായി അണുശക്തി ഉപയോഗപ്പെടുത്തുന്നതിൽ താല്പര്യം കാണിക്കുന്നു

ണ്ട്. വിദ്യുച്ഛക്തിക്കവേണ്ടി അണുസ്ഫോടനം നടത്തുന്നവർക്ക് അണു ബോംബുണ്ടാക്കാൻ വിഷമമില്ല. കാരണം, ഒരേ സാങ്കേതികവിദ്യയാണ് ബോംബുണ്ടാക്കാനും അണുവൈദ്യുതിയുണ്ടാക്കാനും ഉപയോഗപ്പെടുത്തുന്നത്. അണുവൈദ്യുതീനിലയങ്ങളിലെ ഇന്ധനം ബോംബാക്കി മാററുക എളുപ്പമാണ്.

നൂററിപ്പതിനാലു രാജ്യങ്ങൾ 1968—ലെ അണു—ആയുധവ്യാപന—നിരോധസന്ധിയിൽ (നോൺ—പ്രോലിഫെറേഷൻ ട്രീററിയിൽ) ഒപ്പുവെച്ചിട്ടുണ്ട്. ഇന്ത്യ അടക്കം അമ്പതു രാജ്യങ്ങൾ ഈ സന്ധിയിൽ ഒപ്പുവെച്ചിട്ടില്ല. ഇപ്പോഴത്തെ അഞ്ചു പ്രധാന അണുശക്തിരാജ്യങ്ങളുടെ മേധാവിത്തം പുലർത്താൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ സന്ധി എന്നതിനാലാണ് ഇന്ത്യ ഇതിൽ ഒപ്പുവെക്കാത്തത്. സന്ധിയിൽ ഒപ്പുവച്ച രാജ്യങ്ങളിൽ വൈദ്യുതി നിർമിക്കാൻവേണ്ടിയുള്ള അണുശക്ത്യുല്പാദനം അന്താരാഷ്ട്രീയ മേൽനോട്ടത്തിനു വിധേയമാണ്.

അണുബോംബുകളുടെ നിർമാണം ലോകവ്യാപകമാക്കുന്നതിൽ അമേരിക്ക, പടിഞ്ഞാറേ ജർമനി, ഫ്രാൻസ്, ബ്രിട്ടൻ എന്നീ രാജ്യങ്ങൾ പ്രമുഖമായ പങ്കു വഹിക്കുന്നുണ്ട്. ഇസ്രയേലിനും ദക്ഷിണാഫ്രിക്കയ്ക്കും പാക്കിസ്ഥാനും അമേരിക്ക ഈ വിഷയത്തിൽ നൽകിവരുന്ന സഹായത്തെപ്പററി സൂചിപ്പിച്ചുവല്ലോ. പാക്കിസ്ഥാനു ചൈനയും അണുബോംബ്നിർമാണവിഷയത്തിൽ സഹായം നൽകിവരുന്നു. ബ്രസീലിന് അണുബോംബ് നിർമിക്കുന്നതിൽ സഹായം നൽകുന്നതു പടിഞ്ഞാറെ ജർമനിയാണ്. പണം കൊടുത്താൽ അണുബോംബ് നിർമിക്കാൻ വേണ്ട സാധനസാമഗ്രികളും സാങ്കേതികവിജ്ഞാനവും അന്താരാഷ്ട്രീയ വിപണിയിൽ ഇഷ്ടംപോലെ വാങ്ങാൻ കിട്ടും. ഇതിൻ ഫലമായി കൊള്ളക്കാരുടെയും അന്താരാഷ്ട്രീയ ഭീകരസംഘങ്ങളുടെയും കൈയിൽ അണു—ആയുധങ്ങൾ എത്തിപ്പെടാനുള്ള ഭയങ്കരമായ സാധ്യത ആരും നിരാകരിക്കുന്നില്ല.

ദീപാവലിക്കു കുട്ടികൾ പടക്കം കരുതിവയ്ക്കുംപോലെ മഹാശക്തികൾ അണു—ആയുധങ്ങൾ ശേഖരിച്ചുവച്ചിരിക്കുന്നു. തങ്ങൾ ആദ്യം അണു—ആയുധങ്ങൾ പ്രയോഗിക്കുകയില്ലെന്നു റഷ്യ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പ്രഖ്യാപനത്തിന്റെ ആത്മാർത്ഥതയിൽ എതിർകക്ഷികൾക്കു വിശ്വാസമില്ല. അതേസമയം, പരിമിതമായ തോതിൽ ഒരു അണു—ആയുധയുദ്ധം നടത്തി റഷ്യയുടെമേൽ വിജയംനേടാമെന്ന വിശ്വാസം അമേരിക്കൻ പ്രസിഡണ്ട് റെയ്ഗൻ പരസ്യമായിത്തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. ബാഹ്യാന്തരീക്ഷത്തിൽ, ഭൂമിയെ സ്ഥിരമായി വലംവയ്ക്കുമാറ്, അണുബോംബുകൾ സ്ഥാപിക്കുവാനും, ആവശ്യംവരുമ്പോൾ അവയെ ഭൂമിയിലുള്ള നിശ്ചിതലക്ഷ്യങ്ങളിൽ വീഴ്ത്താനുമുള്ള ഒരു പരിപാടിയെപ്പററിയും റെയ്ഗൻ പറയുകയുണ്ടായി. 'നക്ഷത്രയുദ്ധം' (വാർ ഓഫ് സ്റ്റാഴ്സ്) എന്ന പേരിലാണ് ഈ പരിപാടി അറിയപ്പെടുന്നത്.

പടക്കം കരുതിവച്ച കുട്ടികൾ ദീപാവലിദിവസം അവയ്ക്കു തീ കൊളുത്താതിരിക്കുകയില്ല.

അണുബോംബുകൾ തയ്യാറാക്കിവച്ച വൻശക്തികളോ? അവർക്കിടയിൽ ഏതെങ്കിലും ഒരു കിറുക്കൻ (അല്ലെങ്കിൽ ദുഷ്ടൻ അല്ലെങ്കിൽ മന്ദബുദ്ധി) ഉണ്ടാവില്ലേ ആ ബോംബുകളിലൊന്നു പൊട്ടിക്കുവാൻ? ഒന്നു പൊട്ടിയാൽ മററുള്ളവ പൊട്ടാതിരിക്കുമോ?

സുഹൃത്തേ, താങ്കളെന്താണ് മുട്ടുകുത്തിയത്? പ്രാർത്ഥിക്കുകയാണോ? നല്ലകാര്യം! അതേ നമുക്ക്, താങ്കൾക്കും എനിക്കും, ചെയ്യാവുന്നതായുള്ളു!

(7 ഡിസംബർ 1983)